# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 12

# വാർത്താക്കുറിപ്പ്

## 'കാർഷിക സംസ്കൃതിയും മലയാള സാഹിത്യവും'; ദേശീയ സെമിനാറിന് എം.ജി.യിൽ തുടക്കം

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സും അന്തർ സർവകലാശാല ജൈവകൃഷി - സുസ്ഥിര കാർഷിക പഠനകേന്ദ്രവും സംയുക്തമായി 'കാർഷിക സംസ്കൃതിയും മലയാള സാഹിത്യവും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന ദേശീയ സെമിനാറിന് തുടക്കം. സ്കൂൾ ഓഫ് ലെറ്റേഴ്സിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ പ്രൊഫ. കെ.എം. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. കെ.വി. ദയാൽ മുഖ്യപ്രഭാഷണം നടത്തി. ഡോ. ജോസ് കെ. മാനുവൽ, പ്രൊഫ. സന്തോഷ് പി. തമ്പി, ഡോ. ഹരികുമാർ ചങ്ങമ്പുഴ എന്നിവർ പ്രസംഗിച്ചു. ഡോ. അജു കെ. നാരായണൻ, ഡോ. കെ.എം. സംഗമേശൻ, ഡോ. ആർ. ഗീതാദേവി, ടി.പി. പ്രഹേഷ്, ഡോ. സിബി കുര്യൻ, ഡോ. സുജ ചാക്കോ, സി.കെ. സജിത് കുമാർ, പി. മഞ്ജു, ഡോ. പി.ആർ. സൗമ്യ, ടി.കെ. ജോസഫ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു. ഡോ. ബാബു ചെറിയാൻ, ഡോ. രാജേഷ് വി. നായർ എന്നിവർ വിവിധ സെഷനുകളിൽ അധ്യക്ഷരായി.

ഇന്ന് (ഫെബ്രുവരി 13) എ.പി. രാജേഷ് ബാബു, നിഷാന്ത് മാവിലവീട്ടിൽ, ആർ. സ്വാതി കൃഷ്ണ, എസ്. ആര്യ ചന്ദ്രൻ, കെ.എം. വിജിത, ഡോ. ജെയ്സൺ ജോസ്, ഡോ. ജോബിൻ ചാമക്കാല, ഡോ. ആർ. രാജേഷ്, കെ.എസ്. പ്രദീഷ് കുമാർ, സിനീഷ് വേലിക്കനി, ഡോ. ആനന്ദ് ദീലീപ് രാജ്, ഡോ. പി.എ. ഉമൈബാൻ, ഡോ. ജി.എസ്. രേഖ, യാക്കോബ് തോമസ്, ചന്ദ്രൻ കോമത്ത്, ഡോ. തോമസ് സ്കറിയ, ആർ. രാഖിമോൾ, ഡോ. എ.സി. ബിന്ദു, ഡോ. പി. ജിതേഷ്, വിശാൽ ജോൺസൺ, ജി. ഷീന, സ്റ്റാർലെറ്റ് മാത്യൂ, ശരത് ചന്ദ്രൻ, സി.കെ. സുജിത് കുമാർ, എച്ച്. കവിത, പി.വി. മിനി, ഡോ. കെ.എസ്. പ്രദീപ്കുമാർ, എസ്.ജി. ഗായത്രി, വി.യു. അനഘ, സൂര്യ ശ്രീധരൻ, എം.കെ. ശിവദത്ത്, ജെ.പി. ബിന്ദു എന്നിവർ വിവിധ സെഷനുകളിലായി പ്രബന്ധം അവതരിപ്പിക്കും. ഡോ. തോമസ് സ്കറിയ, ഡോ. സജി മാത്യൂ, ഡോ. ആർ. രാജേഷ്, ഡോ. ജി. ശ്രീജിത്ത്, ജെയ്സൺ ജോസ്, ഡോ. മിനി സെബാസ്റ്റ്യൻ എന്നിവർ വിവിധ സെഷനുകളിൽ അധ്യക്ഷരാകും. സെമിനാർ ഫെബ്രുവരി 14ന് അവസാനിക്കും.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സും അന്തർ സർവകലാശാല ജൈവകൃഷി - സുസ്ഥിര കാർഷിക പഠനകേന്ദ്രവും സംയുക്തമായി 'കാർഷിക സംസ്കൃതിയും മലയാള സാഹിത്യവും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന ദേശീയ സെമിനാർ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/212/2020)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബി.പി.എഡ്. (2019 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ മുതൽ റീഅപ്പിയറൻസ്) പരീക്ഷകൾ മാർച്ച് മൂന്നുമുതൽ ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 14 വരെയും 525 രൂപ പിഴയോടെ 15 വരെയും 1050 രൂപ സൂപ്പർഫൈനോടെ 17 വരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/213/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ. കഥകളി - വേഷം (സി.ബി.സി.എസ്. - 2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 17ന്

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/214/2020)

## വൈവാവോസി

പത്താം സെമസ്റ്റർ ബി.ആർക് (സപ്ലിമെന്ററി) ജനവരി 2020 - തീസിസ് മൂല്യനിർണയവും വൈവാവോസിയും ഫെബ്രുവരി 24, 25 തീയതികളിൽ നടക്കും. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവർ മൂല്യനിർണയത്തിനുള്ള തീസിസ് ഫെബ്രുവരി 17ന് ഉച്ചകഴിഞ്ഞ് ഒരുമണിക്ക് മുമ്പായി അതത് കോളേജ് ആർക്കിടെക്ചർ മേധാവിക്ക് നൽകണം.

(പി.ആർ.ഒ/39/215/2020)

## എം.ഫിൽ പ്രവേശനം; എൻട്രൻസ് പരീക്ഷ ഫെബ്രുവരി 19ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എം.ഫിൽ പ്രവേശനത്തിനുള്ള എൻട്രൻസ് പരീക്ഷ ഫെബ്രുവരി 19ന് രാവിലെ 10.30 മുതൽ പഠനവകുപ്പിൽ നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2731043. ഇമെയിൽ: spap@mgu.ac.in

(പി.ആർ.ഒ/39/216/2020)

## ഏകദിന കരിയർ ഓറിയന്റേഷൻ പ്രോഗ്രാം

കരിയർ ഓറിയന്റേഷൻ ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്, ഇതിന് മുഖ്യമായ നേതൃത്വം വഹിക്കേണ്ടത് അദ്ധ്യാപകരാണെന്നും ഇന്ത്യൻ ജനസംഖ്യയുടെ ബഹുഭൂരിപക്ഷം വരുന്ന യുവജനതക്ക് ശരിയായ ദിശാബോധം നൽകി നേർവഴിക്ക് നയിക്കുവാൻ അദ്ധ്യാപകർക്ക് കഴിയണമെന്നും മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടേയും പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ. വിഭാഗത്തിന്റെയും സഹകരണത്തോടെ ജില്ലയിലെ വി.എച്ച്.എസ്.ഇ. സ്കൂളുകളിലെ കരിയർ മാസ്റ്റർമാർക്കായി നടത്തിയ ഏകദിന കരിയർ ഓറിയന്റേഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗൈഡൻസ് ബ്യൂറോ ട്രെയിനിങ് ഹാളിൽ നടന്ന പരിപാടിയിൽ ബ്യൂറോചീഫ് ഡോ. റ്റി. വി. തുളസീധരൻ അധ്യക്ഷത വഹിച്ചു.

വി.എച്ച്.എസ്.ഇ. കരിയർ ഗൈഡൻസ് വിഭാഗം സംസ്ഥാന കോ -ഓർഡിനേറ്റർ എ.എം. റിയാസ്, കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ വിജി ഓഫീസർ ടി. ധനലക്ഷ്മിഅമ്മ, ബ്യൂറോ ഡെപ്യൂട്ടി ചീഫ് ആർ. ദീപു, വി.എച്ച്.എസ്.ഇ. കരിയർ വിഭാഗം ജില്ലാ കോ -ഓർഡിനേറ്റർ റോബി ജോസഫ്, കരിയർ കൗൺസിലർ എസ്. രതീഷ്കുമാർ എന്നിവർ സംസാരിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടേയും പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ. വിഭാഗത്തിന്റെയും സഹകരണത്തോടെ ജില്ലയിലെ വി.എച്ച്.എസ്.ഇ. സ്കൂളുകളിലെ കരിയർ മാസ്റ്റർമാർക്കായി നടത്തിയ ഏകദിന കരിയർ ഓറിയന്റേഷൻ പ്രോഗ്രാം മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/217/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ